പതിമൂന്നാം കേരള നിയമ സഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2141 15/07/2011 - ൽ മറുപടിക്ക്

## ഷിഫ്റ്റ് സമ്പ്രദായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. ആരിഫ് | ശ്രീ. അബ്ദുറബ്<br>വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) ഇപ്പോഴും ഷിഫ്റ്റ് സമ്പ്രദായം തുടരുന്ന എത്ര വിദ്യാലയങ്ങളാണ് അരൂർ നിയോജകമണ്ഡലത്തിലുള്ളത് | (എ ) ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന 6 വിദ്യാലയങ്ങൾ അരൂർ നിയോജകമണ്ഡലത്തിലുണ്ട്. |
| (ബി) ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) സർക്കാർ ഉത്തരവ് (എം. എസ്) നം. 92/10/പൊ. വി. തീയതി. 04/06/2010 ലെ ഉത്തരവ് പ്രകാരം ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്ന മുറയ്ക്ക് ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ട ചുമതല അതത് ജില്ലയിലെ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് നൽകിയിട്ടുണ്ട്. ( ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു) |

സെക്ഷൻ ഓഫീസർ

അനുബന്ധം

11 JUN 2010
SECRETARIAT

34264-2

**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസം- സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (എം.എസ്)നം. 92/10/പൊ.വി.വ** **തിരുവനന്തപുരം, തീയതി: 04/06/2010**

---

സൂചന: 09/10/09 ലെ എൻ.എസ്(3) 66048/09 ഡി.പി.ഐ എന്ന നമ്പരിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്ത്.

**ഉത്തരവ്**

മേൽസൂചനപ്രകാരം സംസ്ഥാനത്ത് ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്ന സ്കൂളുകളുടെ വിശദവിവരങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കണക്ക് പ്രകാരം സംസ്ഥാനത്ത് 561 സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്നുണ്ട്. സംസ്ഥാനത്ത് ഘട്ടം ഘട്ടമായി ഷിഫ്റ്റ് സമ്പ്രദായം പൂർണ്ണമായും ഒഴിവാക്കുന്നതാണ്. ഒന്നാം ഘട്ടമായി ഇപ്പോൾ ഭൗതികസാഹചര്യങ്ങൾ നിലവിലുള്ള സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാനും ഇതിനായി ആവശ്യമായ അധിക അദ്ധ്യാപക തസ്തികകൾ അനുവദിക്കാനും, അവ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്രമീകരിക്കാനും ഇതിനാൽ ഉത്തരവാകുന്നു.

1. സർക്കാർ സ്കൂളുകളിൽ ഇപ്പോൾ കുട്ടികളുടെ എണ്ണം കുറവു വരുന്നതു മൂലം നഷ്ടപ്പെടുന്ന അദ്ധ്യാപക തസ്തികകൾ ക്രമീകരിച്ച് ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതാണ്. ഇതിനായി ജില്ലയെ ഒരു യൂണിറ്റായി കണക്കാക്കുന്നതാണ്.
2. എയ്ഡഡ് സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതു നിമിത്തം പുതുതായി ഉണ്ടാകുന്ന തസ്തികകളിലേക്ക് അതത് സ്കൂളിൽ നിന്നും ഡിവിഷൻ കുറവ് വന്നതുമൂലം പുറത്തുപോകേണ്ടിവന്ന അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി തസ്തികകൾ നികത്തേണ്ടതാണ്. ഇത്തരം അദ്ധ്യാപകരില്ലെങ്കിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിച്ച് തസ്തികകൾ നികത്തേണ്ടതാണ്. അതത് ജില്ലകളിൽ മതിയായ പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ഇല്ലെങ്കിൽ മറ്റു ജില്ലകളിലെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിച്ച് ഈ സ്കൂളുകളിലെ പുതിയ തസ്തികകൾ നികത്തേണ്ടതാണ്.
3. കെട്ടിട സൗകര്യങ്ങളില്ലാത്ത സർക്കാർ സ്കൂളുകളിൽ എസ്.എസ്.എ യുടെ സഹായങ്ങൾ കൂടി പ്രയോജനപ്പെടുത്തി കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതാണ്.
4. പുതിയ കെട്ടിടം നിർമ്മിക്കാൻ സ്ഥലം ലഭ്യമല്ലാത്ത സർക്കാർ സ്കൂളുകൾക്ക് ആവശ്യമായ സ്ഥലം കണ്ടെത്താൻ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, എം.പി., എം.എൽ.എ. തുടങ്ങിയ ജനപ്രതിനിധികളുടെയും പൊതു സമൂഹത്തിന്റെയും കൂട്ടായ ശ്രമങ്ങളിലൂടെ സ്ഥലമടക്കമുള്ള ഭൗതിക സൗകര്യങ്ങൾ ലഭ്യമാകുന്ന മുറക്ക് ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതാണ്.

5. മേൽ നിബന്ധനകൾക്ക് വിധേയമായി ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിനുള്ള ചുമതല അതതു ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

പി.വനജ
അഡീഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
→ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

ധനകാര്യവകുപ്പ് (23/04/2010 ലെ 31729/Edn.B1/10/Fin, പ്രകാരം)

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ഡയറക്ടർ, ഐ.ടി.@ സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: വിദ്യാഭ്യാസമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

Section Officer.